മലയാള മനോരമ

12 September 1975

# ചെമ്മീൻ വളർത്തൽ കേന്ദ്രം തുറന്നു

കൊച്ചി: ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ കീഴിൽ കൊച്ചി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ചെമ്മീൻ വളർത്തുന്നതിനും ചെമ്മീനിന്റെ വംശവർദ്ധന നടത്തുന്നതിനുംവേണ്ടി ഞാറയ്ക്കൽ സ്ഥാപിച്ച ചെമ്മീൻവളർത്തൽ കേന്ദ്രത്തിന്റെയും ഗവേഷണശാലയുടെയും ഉദ്ഘാടനം കേന്ദ്ര കൃഷി–ജലസേചന വകുപ്പു സഹമന്ത്രി ഷാനവാസ് ഖാൻ ഇന്നലെ നിർവഹിച്ചു.

മൽസ്യോൽപാദനം കഴിഞ്ഞ ഇരുപത്തഞ്ചു വർഷത്തിനുള്ളിൽ 5.8 ലക്ഷം ടണ്ണിൽനിന്നു 11.8 ലക്ഷം ടണ്ണായി വർദ്ധിച്ചിട്ടുണ്ടെങ്കിലും നമ്മുടെ ശാസ്ത്രകാരൻമാർ കണക്കാക്കിയിരുന്നതിന്റെ പകുതിപോലും വർദ്ധിച്ചിട്ടില്ലെന്നു മന്ത്രി പ്രസ്താവിച്ചു.

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ സി. എം. എഫ്.ആർ. ഐ.ക്ക് അനുവദിച്ച ഒരു താൽക്കാലിക പദ്ധതിപ്രകാരം സ്ഥാപിച്ച ആദ്യത്തെ ഈ കേന്ദ്രത്തിന് 5.3 ലക്ഷം രൂപ ചെലവു വരും. സംസ്ഥാന ഗവർമെന്റ് നൽകിയ നാലു ഹെക്ടർ സ്ഥലത്താണ് ഈ കേന്ദ്രം സ്ഥാപിച്ചിരിക്കുന്നത്.

ഉദ്ഘാടനത്തോടനുബന്ധിച്ചു ഞാറയ്ക്കൽ ചേർന്ന ചടങ്ങിൽ ആർ. മാധവൻനായർ അദ്ധ്യക്ഷത വഹിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഇ. ജി. സൈലസ് സ്വാഗതം പറഞ്ഞു.